# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

328

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 780065/എൻ.സി.ബി.1/2016/ധന |
| 2 | വകുപ്പ് | ധനകാര്യ(നോഡൽ സെന്റർ-ബി)വകുപ്പ് |
| 3 | വിഷയം | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ലൈബ്രറികൾക്കുവേണ്ടി കമ്പ്യൂട്ടർ, എൽ.സി.ഡി . പ്രൊജക്ടർ, WiFi മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | 25/08/16 |
| 5 | i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br><br>ii).സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ,<br><br>ഇത് ധനകാര്യ വകുപ്പിന്റെ ഫയലാണ്. (വിഷയം പരിശോധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ഉത്തരവായിട്ടുണ്ട്.) |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ബാധകമല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | ശ്രീ.കെ.ബാബു. |
| 8 | കുറിപ്പ് അംഗീകരിച്ച ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.കെ.എം. എബ്രഹാം. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08/09/16 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.എസ്.എം. വിജയാനന്ദ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/09/16 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. T.M തോമസ് ഐസക്ക്. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09/09/16 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.09.2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം . എൽ . എ - എസ് . ഡി . എഫിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകുന്നതിനായി 27.05.2004 ലെ സ.ഉ. നം.247/2004/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ പരിഷ്കരിക്കുന്നത് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ് കുറിപ്പിലെ വിഷയം.

2) പൊതുജനോപകാരപ്രദവും സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്നതുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ആവിഷ്കരിച്ചിട്ടുള്ളത്.

3) എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മേൽ ഉത്തരവിന്റെ അനുബന്ധം- 1 (12) പ്രകാരം പബ്ലിക് ലൈബ്രറി, റീഡിംഗ് റൂം എന്നിവ നിർമ്മിക്കുന്നതിന് അനുമതിയുണ്ട്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് എം.എൽ.എ. മാർ ഇപ്പോൾ സമർപ്പിക്കുന്ന ശുപാർശകൾ പ്രസ്തുത ഫണ്ടിന്റെ മാർഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഇത്തരം പ്രവർത്തികൾക്ക് പ്രത്യേകവികസന നിധിയിൽനിന്നും തുക അനുവദിക്കുന്നതിനായി മേൽ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്.

4) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച് 27.05.2004 ലെ സ.ഉ. നം 247/2004/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അനുമതി നല്കാമോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-09-2016.

15) ഫയൽ നം.780065/എൻ.സി.ബി.1/2016/ധന. ഇനം നം: 328

വിഷയം : ധനകാര്യ വകുപ്പ് - സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ലൈബ്രറികൾക്കു വേണ്ടി കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

30/9/16

30/9

30/9

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ - പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് മാർഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സ.ഉ(പി) നം.147/2016/ധന** **തീയതി, തിരുവനന്തപുരം, 03.10.2016**

പരാമർശം : 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന ഉത്തരവ്.

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം. എൽ. എ മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി . പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകണമെന്ന എംഎൽഎമാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ബാബു.**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1. എല്ലാ നിയമസഭ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ, ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
8. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ട്രഷറി വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. പൊതുഭരണ (എസ് സി) വകുപ്പ് (28.09.2016 ലെ മന്ത്രി സഭാ തീരുമാനം ഇനം നം 328 )
13. വെബ് ആന്റ് ന്യൂ മീഡിയ .(ഗവൺമെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
14. നോഡൽ ഓഫീസർ , www.finance.kerala.gov.in
15. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ